**കേരളാ സർക്കാർ**

നം. 67370/ആർ.എ.1/2010/തസ്വഭവ.

തദ്ദേശ സ്വയംഭരണ (ആർ.എ.) വകുപ്പ്,
തിരുവനന്തപുരം, തീയതി. 4/11/2010.

**സർക്കുലർ**

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - സർക്കാർ ധനസഹായ ഭവന പദ്ധതികൾക്ക് കേരളാ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നത് - സംബന്ധിച്ച്.

കേന്ദ്ര സർക്കാർ/ സംസ്ഥാന സർക്കാർ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ, ധനസഹായത്തോടു കൂടി ഭവന രഹിതരായിട്ടുള്ളവർക്ക് പല ഭവന നിർമ്മാണ പദ്ധതികളും സർക്കാർ പല തലങ്ങളിലും ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. എന്നാൽ തീരദേശം ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. അതുമൂലം ഭവന നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള തുകകൾ അർഹിക്കുന്നവർക്ക് അനുവദിക്കുവാൻ സാധിക്കാത്ത ഒരു അവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. പ്രത്യേകിച്ച് കോസ്റ്റൽ ഏരിയയോട് ചേർന്ന് കിടക്കുന്ന പഞ്ചായത്ത്/മുനിസിപ്പൽ പ്രദേശങ്ങളിൽ തീരദേശ പരിപാലന നിയമം ലംഘിക്കുന്നു എന്ന് വ്യാഖ്യാനിച്ച് കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ പലതും നിരസിക്കപ്പെടുന്നു. അതുമൂലം പരമ്പരാഗതമായി തീരദേശത്ത് വസിക്കുന്നവർക്കു പോലും ചെറിയ ഭവനം നിർമ്മിക്കുന്നതിനോ സർക്കാർ നൽകുന്ന തുക വിനിയോഗിക്കുന്നതിനോ സാധിക്കുവാൻ പറ്റാത്ത ഒരു സാഹചര്യം വന്നിരിക്കുകയാണ്.

തീരദേശ പരിപാലന നിയമത്തിൽ വേലിയേറ്റ രേഖയിൽ നിന്നും 500 മീറ്റർ വരെയുള്ള ഭാഗത്ത് തീരദേശത്തുള്ള പരമ്പരാഗത വാസികൾക്ക് വീടുകൾ നിർമ്മിക്കുന്നതിനും, ഉള്ളവ പുനർ നിർമ്മിക്കുന്നതിനും ചില നിബന്ധനകളോടു കൂടി അനുവദനീയമാണ്. ഭവന പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങളിൽ മിക്കവയും നിലവിലുള്ളവ പുനർ നിർമ്മിക്കുന്നതിനായി ഉദ്ദേശിക്കുന്നവയാണ്. ഇത്തരത്തിലുള്ള എല്ലാ അപേക്ഷകളും കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി അനുവാദം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതി

നായി ഭവന നിർമ്മാണ പദ്ധതികളിൽ ഉൾപ്പെട്ടതും, തീരദേശ പരിപാലന നിയന്ത്രണ മേഖല യിൽപ്പെടുന്നതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭവന നിർമ്മാണ അപേക്ഷകൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അയച്ചു കൊടുക്കേണ്ടതും പ്രസ്തുത അപക്ഷയോ ടൊപ്പം താഴെ പറയുന്ന വിശദമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.

(1) പ്രസ്തുത നിർമ്മാണങ്ങൾ മുഴുവനും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു ലൊക്കേഷൻ പ്ലാൻ.

(2) പ്രസ്തുത ലൊക്കേഷനിൽ പ്ലോട്ടുകളിലേക്കുള്ള വഴി, വഴിയുടെ വീതി, നിലവിലുള്ള വീടുകളുടെ സ്ഥാനം, അവയുടെ നമ്പർ എന്നിവ രേഖപ്പെടുത്തിയിരിക്കണം.

(3) അപേക്ഷ പുതുക്കി പണിയുന്നതിനാണോ, കൂട്ടിച്ചേർക്കലിനാണോ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.

(4) അപേക്ഷകന് നഗരസഭ/ പഞ്ചായത്തിൽ വേറെ വീടോ, സ്ഥലമോ ഉണ്ടോ ?

(5) അപേക്ഷകൻ പരമ്പരാഗത താമസക്കാരനാണോ ? എങ്കിൽ എത്ര വർഷമായി താമസിച്ചു വരുന്നു.

(6) വേലിയേറ്റ രേഖയിൽ നിന്നും നിർദ്ദിഷ്ട നിർമ്മാണങ്ങളിലേക്കുള്ള ദൂരം ?

(7) പ്രസ്തുത സ്ഥലത്ത് കുടിവെള്ള സംവിധാനം, സ്വിവേജ് എന്നിവ നിലവിലുണ്ടോ ?

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ടി മേഖലയിൽ ഉൾപ്പെടുന്ന അപേക്ഷകൾ ഒരുമിച്ച് ശേഖ രിച്ച് താഴെ പറയുന്ന മേൽവിലാസത്തിൽ അയച്ചുകൊടുക്കേണ്ടതും ആയതിന്റെ ഒരു കോപ്പി ചീഫ് ടൗൺ പ്ലാനർക്ക് നൽകേണ്ടതുമാണ്.

വിലാസം: ചെയർമാൻ, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി & എക്സ് ഓഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി ശാസ്ത്ര- സാങ്കേതിക വകുപ്പ്,
ശാസ്ത്രഭവൻ, പട്ടം പി.ഒ., തിരുവനന്തപുരം- 695 004.

എസ്.എം. വിജയാനന്ദ്.
പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ, കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി & എക്സ് ഓഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറി ശാസ്ത്ര- സാങ്കേതിക വകുപ്പ്,
ശാസ്ത്ര ഭവൻ, പട്ടം പി.ഒ., തിരുവനന്തപുരം- 695 004.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഈ സർക്കുലറിന്റെ പകർപ്പ് എല്ലാ നഗരസഭ / പഞ്ചായത്ത് സെക്രട്ടറിമാർക്കും അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്.

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
സീനിയർ ടൗൺ പ്ലാനർ (വിജിലൻസ്)
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും.
(കൊല്ലം, കൊച്ചി, കോഴിക്കോട്)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
(തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട്)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, പ്രതീക്ഷ ടവേഴ്സ്, പാങ്ങപ്പാറ, തിരുവനന്തപുരം-695581 (തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് സർക്കാർ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നതിന്)
പബ്ളിക് റിലേഷൻസ് ഡയറക്ടർ, (പത്ര മാധ്യമങ്ങളിലൂടെ ആവശ്യമായ പ്രചരണം നൽകാൻ നടപടിയെടുക്കേണ്ടതാണ്.)
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പകർപ്പ്: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ യ്ക്ക്
തദ്ദേശ സ്വയംഭരണ (ആർ. എ.2, ആർ. എ.3) (ആർ. ബി.1, ആർ. ബി.2, ആർ. ബി.3) വകുപ്പുകൾക്ക്.
തദ്ദേശ സ്വയംഭരണ (പി. എസ്) വകുപ്പ് (Vide U.O. No.24274/PS2/10/തസ്വഭവdt. 19/4/2010)
തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ